അടൂർ മണ്ഡലത്തിലെ പള്ളിക്കൽ ഹിരണ്യനല്ലൂർ ക്ഷേത്രത്തിലെ അഗ്നിബാധ- അന്വേഷണം

181 (3814) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അടൂർ മണ്ഡലത്തിലെ പള്ളിക്കൽ പഞ്ചായത്തിലുള്ള ഹിരണ്യനല്ലൂർ ക്ഷേത്രം സംശയാസ്പദമായ സാഹചര്യത്തിൽ അഗ്നിക്കിരയാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) നൂറ്റാണ്ടുകൾ പഴക്കമുള്ള വളരെ പ്രാധാന്യമേറിയ ഈ ക്ഷേത്രത്തിലുണ്ടായ അഗ്നിബാധ സംബന്ധിച്ച അന്വേഷണത്തിൽ കാര്യമായ പുരോഗതിയില്ലാത്ത തിന്റെ കാരണം വെളിപ്പെടുത്തുമോ ;

(സി) ഇതുവരെ ഇതു സംബന്ധിച്ച് നടത്തിയ അന്വേഷണ വിവരങ്ങളുടെ വിശദാംശം അറിയിക്കാമോ ;

(ഡി) അനുബന്ധ അന്വേഷണം ക്രൈംബ്രാഞ്ചിന് കൈമാറി ഊർജ്ജിത പ്പെടുത്തുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇതു സംബന്ധിച്ച് അടൂർ പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 2000/ 2014 പ്രകാരം രജിസ്റ്റർ ചെയ്ത കേസ് ഊർജ്ജിത അന്വേഷണത്തിനായി അടൂർ ഇൻസ്പെക്ടറെ ചുമതലപ്പെടുത്തിയിട്ടുള്ളതും കാര്യക്ഷമമായ രീതിയിൽ അന്വേഷണം നടന്നുവരുന്നതുമാകുന്നു.

(സി) സംഭവസ്ഥലത്തുനിന്നും തെളിവിനായി ശേഖരിച്ചിട്ടുള്ള വസ്തുക്കൾ ബഹുമാനപ്പെട്ട കോടതി മുഖേന ഫോറൻസിക് സയൻസ് ലബോറട്ടറിയിൽ പരിശോധനയ്ക്കായി അയച്ചിട്ടുണ്ട്. പരിശോധനാ ഫലം ലഭ്യമായാൽ മാത്രമേ തീപിടിത്തത്തിന് ഇടയായ കാരണങ്ങൾ വ്യക്തമാകുകയുള്ളൂ. Electronic തെളിവുകൾ ഉൾപ്പെടെ ശേഖരിക്കുവാനുള്ള നടപടികൾ എടുത്തുവരുന്നു.

(ഡി) ടി കേസിന്റെ അന്വേഷണം ക്രൈംബ്രാഞ്ചിനു കൈമാറാൻ ഉത്തരവായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly